ഐ.ടി. പാർക്കുകൾ

201(2403) ശ്രീ. റ്റി. യു. കരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.റ്റി. വ്യവസായത്തിലെ സാദ്ധ്യതകൾ പരിഗണിച്ച് ഓരോ നിയോജകമണ്ഡലത്തിലും ഐ.റ്റി. പാർക്ക് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കോതമംഗലം കേന്ദ്രമാക്കിയുള്ള ഐ.റ്റി . അധിഷ്ഠിത കമ്പനികളുടെ പ്രവർത്തനം വിവരസാങ്കേതിക വകുപ്പിന് കീഴിൽ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഐ.റ്റി. മേഖലയിൽനിന്ന് സംസ്ഥാനത്തിന് ലഭിക്കുന്ന വരുമാനം ഇരട്ടിയായി വർദ്ധിപ്പിക്കുന്നതിന് ഒരു കർമ്മ പദ്ധതി നടപ്പാക്കുമോ?

ഉത്തരം

(എ) എല്ലാ നിയോജകമണ്ഡലത്തിലും ഐ.ടി. പാർക്കുകൾ സ്ഥാപിക്കുകയെന്നത് പ്രായോഗികമല്ല. തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോപാർക്ക്, കോഴിക്കോട് സൈബർ പാർക്ക് തുടങ്ങിയ പാർക്കുകളും അവ കേന്ദ്രമാക്കി HUB and spoke മാതൃകയിൽ കണ്ണറ, ചേർത്തല, കൊരട്ടി, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ ചെറുകിട ഐ.ടി. പാർക്കുകളും സ്ഥാപിച്ചു വരുന്നു. കൂടാതെ ഗ്രാമപ്രദേശങ്ങളിലേക്ക് ഐ.ടി. രംഗം വ്യാപിപ്പിക്കുന്നതിനായി ടെക്നോലോഡ്ജ്, RITEL പാർക്കുകൾ എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(ബി) ഇക്കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) മികച്ച നിലവാരമുള്ള മാനവ വിഭവ ശേഷി, ഐ.ടി. വ്യവസായത്തിന് അത്യന്താപേക്ഷിതമായ അന്താരാഷ്ട്ര നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇതിനോടനുബന്ധിച്ചുള്ള മറ്റ് അനുബന്ധ സാഹചര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നത് ലക്ഷ്യമിട്ട് ഐ.ടി. മേഖലയിലെ വികസനത്തിനായി സംസ്ഥാന സർക്കാർ പുതിയ ഐ.റ്റി. നയം രൂപീകരിച്ചിട്ടുണ്ട്. ഇത് ഐ.ടി. വികസനവും ഐ.ടി. കയറ്റുമതിയും സാധ്യമാക്കുന്നതിന് സഹായിക്കുന്നു. പാർക്കുകളുടെ വിവിധ പദ്ധതികളിലായി നിലവിലുള്ള ആഗോള നിലവാരമുള്ള ഐ.ടി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, കൂടുതൽ സൗകര്യങ്ങൾ സജ്ജീകരിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതുമൂലം കൂടുതൽ ഐ.ടി. സംരംഭകരെ ആകർഷിക്കുവാനും അതുവഴി വരും വർഷങ്ങളിൽ കൂടുതൽ ഐ.ടി കയറ്റുമതിയും വരുമാന വർദ്ധനവും സാധ്യമാകുന്നതാണ്. കോഴിക്കോട് സൈബർപാർക്കിൽ 2.84 ലക്ഷം ച.അടി. വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടത്തിന്റെ പണിയും സ്മാർട്ട് സിറ്റിയുടെ 6.5 ലക്ഷം ച. അടി. വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടത്തിന്റെ പണിയും പുരോഗമിച്ചുവരുന്നു. ഇത് പ്രവർത്തനക്ഷമമാകുന്നതോടെ ഇന്ത്യയുടെ മൊത്തം കയറ്റുമതി വിഹിതത്തിൽ സംസ്ഥാനത്തിന്റെ പങ്കാളിത്തം ഗണ്യമായി വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly